ടി.വി മുഹമ്മദലി

# കേരളം കുറ്റകൃത്യങ്ങളുടെ സ്വന്തം നാട്

**തൊഴിലാളികളെയും അവരുടെ കുടുംബങ്ങളെയും തീരാ ദുരിതത്തിലാഴ്ത്തുകയും കുറ്റകൃത്യങ്ങളിലേക്ക് തള്ളിവിടുകയും ചെയ്യുന്ന ലഹരിയിൽനിന്നും അവരെ മോചിപ്പിക്കാൻ മാർഗം കാണേണ്ടതിനു പകരം മദ്യദുരന്തത്തിന് കൂടുതൽ അവസരമുണ്ടാക്കുകയാണ് സർക്കാർ**

**ദേശീയ**-അന്തർദേശീയ തലങ്ങളിൽ നമ്മുടെ സംസ്ഥാനം കേരള മോഡൽ എന്ന പേരിൽ പ്രത്യേക ശ്രദ്ധ പിടിച്ചു പറ്റുകയുണ്ടായി. 1980-കളിലും 1990-കളുടെ ആദ്യത്തിലുമായിരുന്നു അത്. വ്യവസായങ്ങൾ കുറവായിരുന്നിട്ടും കാർഷിക പിന്നാക്കാവസ്ഥയിലും കേരളം ജനജീവിതത്തിന്റെ ഭൗതികനിലവാരത്തിൽ വലിയ നേട്ടം കൈവരിച്ചതാണ് അതിനു കാരണം. അക്കാദമിക പണ്ഡിതന്മാരും യുനസ്കൊ, ലോകബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളും ഈ മോഡലിനെക്കുറിച്ചു പഠിക്കാൻ ഉത്സുകരായി.

ഇന്നിപ്പോൾ കുറ്റകൃത്യങ്ങളിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനമെന്ന ചീത്തപ്പേരാണ് 'കേരള മോഡലി'ന് പതിച്ചു കിട്ടിയത്. നാഷ്നൽ ക്രൈം റെക്കോഡ്സ് ബ്യൂറോയുടെ വെളിപ്പെടുത്തൽ പ്രകാരം മറ്റു സംസ്ഥാനങ്ങളെക്കാൾ കുറ്റകൃത്യങ്ങളിൽ കേരളം മുന്നിലാണ്.

കുറ്റകൃത്യങ്ങളിൽ കേരളം മുന്നിലാണെന്ന വാർത്ത കേട്ട് ആരാണു നടുങ്ങിയത്? മുഖ്യമന്ത്രി കണക്ക് കൊണ്ട് കസർത്തു കളിച്ച് രക്ഷപ്പെട്ടു. രാഷ്ട്രീയ നായകരോ മതാധ്യക്ഷന്മാരോ തങ്ങളുടെ അനുയായികളെ ഓർത്തെങ്കിലും ഉത്ക്കണ്ഠപ്പെട്ടതിന് തെളിവില്ല.

കുറ്റകൃത്യങ്ങൾ വർധിക്കാൻ കാരണമെന്താണ്? വ്യക്തമായ ഉത്തരമുണ്ട്. കുറ്റകൃത്യങ്ങൾക്ക് പ്രേരിപ്പിക്കുന്ന സാഹചര്യങ്ങൾ ശക്തമാണ് എന്നതുതന്നെ. മാഫിയകളും നക്സസ് ക്രൈമുകളും ശക്തമാണിവിടെ. നാടെങ്ങും ഗുണ്ടാ സംഘങ്ങൾ സജീവം. മദ്യവും ലഹരി വസ്തുക്കളുമാണ് മറ്റൊരു വില്ലൻ. കുറ്റകൃത്യങ്ങൾ വളർത്തുന്നതിൽ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ പങ്കും പ്രധാനം തന്നെ.

### മാഫിയകൾ

മദ്യമാഫിയയും പെൺവാണിഭ മാഫിയയും സൃഷ്ടിച്ച അധോലോകങ്ങൾ സർക്കാറിനെയും ക്രമസമാധാനപാലന

വ്യവസ്ഥയെയും ദുർബലമാക്കിക്കൊണ്ടിരിക്കുന്നു. മദ്യമാഫിയ തീർക്കുന്ന അധോലോകവും അവരുടെ സ്വാധീന മേഖലകളും കുറ്റകൃത്യങ്ങളുടെ കേന്ദ്രങ്ങളാണ്. രണ്ടു തരത്തിലാണീ മേഖലയിൽ കുറ്റകൃത്യങ്ങൾ. മദ്യവ്യാപാരത്തിന്റെ ഭാഗമായുള്ള ക്രിമിനൽവൽക്കരണമാണ് ഒന്ന്. രണ്ടാമത്തേത്, പണത്തിന്റെയും അധികാരത്തിന്റെയും തിണ്ണബലത്തിൽ ശക്തിപ്പെടുന്ന ക്രിമിനലിസം. അതായത്, ഭരണാധികാരികളെയും രാഷ്ട്രീയ നേതാക്കളെയും ഉദ്യോഗസ്ഥവൃന്ദത്തെയും വിലയ്ക്കെടുത്തുകൊണ്ടുള്ള കുറ്റകൃത്യങ്ങൾ.

ഒരു വർഷം 2000 കോടിയുടെ സ്പിരിറ്റ് കള്ളക്കടത്താണ് കേരളത്തിൽ നടക്കുന്നത്. ഇതിൽ 500 കോടിയാണ് വ്യവസായത്തിലേക്ക് പോകുന്നത്. ബാക്കി 1500 കോടി ഉദ്യോഗസ്ഥർ, ദല്ലാൾമാർ, ഗുണ്ടകൾ എന്നിവർക്ക് പങ്കുവെക്കപ്പെടുകയാണ്. ഇവരുടെ വിലസൽ പിന്നെ പണത്തിന്റെ ബലത്തിലാണ്. രാഷ്ട്രീയ പാർട്ടികൾക്കും നേതാക്കൾക്കും ഇവരുടെ മുമ്പിൽ മുട്ടു മടക്കേണ്ടിവരുന്നു. പാർട്ടികൾക്കും നേതാക്കൾക്കും ഫണ്ടിംഗ് സ്രോതസ്സ് മദ്യലോബിയാണല്ലോ. സംസ്ഥാനത്ത് 10 കോടി ലിറ്റർ സ്പിരിറ്റിന്റെ ഉപയോഗമുള്ളതിൽ രണ്ടുകോടി ലിറ്ററാണ് സർക്കാർ ഇറക്കുമതി ചെയ്യുന്നത്. ബാക്കി കള്ളക്കടത്തു വഴി എത്തുന്നു. വാളയാർ ചെക്ക് പോസ്റ്റ് വഴിമാത്രം ദിവസം 20-25 ലോഡ് സ്പിരിറ്റ് കേരളത്തിലെത്തുന്നുണ്ടെന്നാണ് കണക്ക്. സ്പിരിറ്റ് കള്ളക്കടത്തിനെക്കുറിച്ച വാർത്തകൾ ജനശ്രദ്ധയാകർഷിക്കുമ്പോൾ ഒന്നോ രണ്ടോ ലോഡ് സ്പിരിറ്റ് പിടിക്കുകയും വാർത്തയാക്കുകയും ചെയ്യും. കള്ളക്കടത്തുകാരുടെ താൽപര്യമനുസരിച്ചാണ് 'പിടുത്തം.' കോൺട്രാക്ടർമാരും രാഷ്ട്രീയക്കാരും എക്സൈസ് ഉദ്യോഗസ്ഥരും ചേർന്നുള്ള ഒരു കൂട്ടുകൃഷിയാണിത്. കേരളത്തിൽ വർഷം 2500 കോടിയുടെ മദ്യം ഉപയോഗിക്കുന്നുവെന്നാണ് ഉദയഭാനു കമീഷന്റെ റിപ്പോർട്ട്. അനധികൃത ഷാപ്പുകളും വ്യാജനിർമാണവും വഴിയുള്ള ഉപയോഗം ഇതിലുമെത്രയോ ഇരട്ടിയും.

മദ്യം ഏറ്റവും കൂടുതലുപയോഗിക്കുന്ന സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്. മദ്യപാനശീലം സ്കൂൾ കുട്ടികളിൽ വർധിച്ചു വരുന്നതായി പത്രങ്ങൾ നടത്തിയ സർവേകൾ വെളിപ്പെടുത്തുന്നു. മദ്യപാനം വഴിയുള്ള കുറ്റകൃത്യങ്ങൾ, ആത്മഹത്യകൾ, രോഗങ്ങൾ, ദാരിദ്ര്യം, കുടുംബ-സാമൂഹിക പ്രശ്നങ്ങൾ എന്നിവയൊന്നും റവന്യൂ വരുമാനത്തിന്റെ മുമ്പിൽ സർക്കാറുകൾക്ക് പ്രശ്നമല്ല! ലഹരി ദാഹം ശമിപ്പിക്കാൻ പണം ആവശ്യപ്പെട്ടപ്പോൾ നൽകാതിരുന്ന ഉമ്മയെ ചുറ്റികകൊണ്ട് തലക്കടിച്ചുകൊല്ലുന്ന മകൻ. മദ്യലഹരിയിൽ സ്വന്തം മകളെ ബലാൽസംഗം ചെയ്യുന്ന അഛൻ.... ഇങ്ങനെ എത്രയെത്ര കുറ്റവാളികളെ മദ്യം വിളമ്പി നമ്മുടെ സർക്കാർ സൃഷ്ടിച്ചു വിടുന്നു! മദ്യപിക്കുന്ന 30 പേരിൽ 26-ഉം ദാരിദ്ര്യം പേറുന്നവരാണെന്ന് പഠനങ്ങൾ പറയുന്നു. ഇന്ത്യയിലും മറ്റു മിക്ക രാജ്യങ്ങളിലും മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടുന്നവർ അധികവും തൊഴിലാളികളാണ്. തൊഴിലെടുത്തു കിട്ടുന്ന പണം മദ്യഷാപ്പിൽ കൊടുത്ത് വെറും കൈയോടെ കൂരകളിലെത്തുന്നു അവർ. മിക്കവർക്കും തല ചായ്ക്കാൻ ഇടമില്ല. ഭാര്യക്കും മക്കൾക്കും ഭക്ഷണത്തിനോ വിദ്യാഭ്യാസത്തിനോ വകയില്ല. എന്നും ഇവർ പട്ടിണിയിൽ. അടിപിടിയും കുറ്റകൃത്യങ്ങളുമായി കഴിയുന്നവർ. തൊഴിലാളി വർഗത്തിന്റെ ക്ഷേമം ഉദ്ഘോഷിച്ചു പ്രവർത്തിക്കുന്ന രാഷ്ട്രീയ പാർട്ടികളാണിന്ന് കേരളം ഭരിക്കുന്നത്. തൊഴിലാളികളെയും അവരുടെ കുടുംബങ്ങളെയും തീരാ ദുരിതത്തിലാഴ്ത്തുകയും കുറ്റകൃത്യങ്ങളിലേക്ക് തള്ളിവിടുകയും ചെയ്യുന്ന ലഹരിയിൽനിന്നും അവരെ മോചിപ്പിക്കാൻ മാർഗം കാണേണ്ടതിനു പകരം മദ്യദുരന്തത്തിന് കൂടുതൽ അവസരമുണ്ടാക്കുകയാണ് സർക്കാർ.

## സ്ത്രീകൾക്കെതിരെയുള്ള അതിക്രമം

വനിതകൾക്ക് നൽകുന്ന ആദരവും അവകാശങ്ങളും ഒരു സമൂഹത്തിന്റെ സദാചാര നിലവാരത്തെ എടുത്തുകാട്ടുന്നു. സ്ത്രീകൾ പീഡിതരും സുരക്ഷിതത്വമില്ലാത്തവരുമാണെങ്കിൽ സമൂഹം ക്രിമിനൽവൽക്കരിക്കപ്പെട്ടിരിക്കുന്നു എന്നാണർഥം. വനിതാ കമീഷൻ ചെയർപേഴ്സനായിരിക്കെ സുഗതകുമാരി എഴുതി: 'ശിശു ബലാൽസംഗം ഇന്ന് വളരെ സാധാരണമായിരിക്കുന്നു. മൂന്നു വയസ്സുള്ള കുട്ടികൾ പോലും മൃഗീയമായ ബലാൽസംഗത്തിന്റെ ഇരകളായി വനിതാ കമീഷന്റെ മുന്നിൽ എത്തുന്നു. അപമാനം എന്തെന്നോ ഭീകരത എന്തെന്നോ അറിയാത്ത കൊച്ചുകുട്ടികൾ അതേക്കുറിച്ച് ഞങ്ങൾക്ക് മൊഴിനൽകുന്നു. നൂറു ശതമാനം സാക്ഷരത ലഭിച്ചെന്നഭിമാനിക്കുന്ന മലയാളികൾ ഈ അപമാന ഭാരത്താൽ തലകുനിക്കേണ്ടി വരുന്നു' (*നിയമസമീക്ഷ*, പുസ്തകം: 1 ലക്കം: 3).

**കേരളം കുറ്റകൃത്യങ്ങളിൽ മുന്നിലാണെന്ന വസ്തുതതയോട് ചേർത്തുവായിക്കേണ്ട കാര്യമാണ് കുറ്റവാളികൾ നല്ലൊരു ശതമാനവും മതവിശ്വാസികളാണെന്നത്. മതം ആചാരങ്ങളിലും ചടങ്ങുകളിലും ഒതുക്കുകയും സന്മാർഗിക നിർദേശങ്ങളെ അവഗണിക്കുകുയം ചെയ്യുമ്പോഴാണിത് സംഭവിക്കുന്നത്. അനുയായികളെ ധാർമികമായും സദാചാരപരമായും വളർത്തിയെടുക്കാൻ മതനേതൃത്വങ്ങൾക്ക് കഴിഞ്ഞാൽ കുറ്റകൃത്യങ്ങൾ ഗണ്യമായി കുറയുമെന്നതിൽ സംശയമില്ല**

നാലഞ്ചുവർഷംകൊണ്ട് സ്ത്രീകൾക്കെതിരായ ആക്രമണങ്ങൾ രണ്ടിരട്ടിയിലേറെ വർധിച്ചിട്ടുണ്ടെന്ന് സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നു. സെക്സ് റാക്കറ്റുകളുടെയും നീലച്ചിത്രങ്ങളുടെയും സംഭാവനകൾ ഒട്ടും ചെറുതല്ല. ഇവരും രണ്ടു തരത്തിൽ ക്രിമിനൽവൽക്കരണം നടത്തുന്നു. ഒന്ന്, ഇവരുടെ ലോകത്തുതന്നെയുള്ള ഞെട്ടിക്കുന്ന ക്രൂരകൃത്യങ്ങൾ. ഇവരിൽനിന്ന് പ്രചോദനമുൾക്കൊണ്ട് വളരുന്ന ക്രിമിനലുകളാണ് മറ്റൊന്ന്. മനുഷ്യാവകാശ കമീഷന്റെ പഠനം തെളിയിക്കുന്നത്, 40 കോടി രൂപയുടെ വേശ്യാവൃത്തി വ്യാപാരം രാജ്യത്ത് നടക്കുന്നുണ്ടെന്നാണ്. 20 ലക്ഷം പെൺകുട്ടികൾ നേരിട്ടും 60 ലക്ഷം അല്ലാതെയും ഈ ബിസിനസിൽ ഇരകളാണെന്നും. കേരളത്തിലെ പെൺവാണിഭക്കേസുകൾ കുപ്രസിദ്ധമാണല്ലോ. ആരൊ

ക്കെയാണവയിലെ പ്രതികൾ? കേന്ദ്ര-സംസ്ഥാന മന്ത്രിമാർ തുടങ്ങി നിയമജ്ഞർ വരെ! ലൈംഗിക കുറ്റകൃത്യങ്ങൾക്ക് ഇന്റർനെറ്റ് പുതിയ കവാടങ്ങൾ മലർക്കെ തുറന്നിരിക്കുകയാണ്. ഈ മേഖലകളിലൊക്കെയും അതിക്രമങ്ങൾക്കിരയാകുന്നത് സ്ത്രീകളാണ്. 'മാന്യമായ ധാരാളം തൊഴിലുകൾ നമ്മുടെ നാട്ടിലുണ്ട്. ഭാരത സംസ്കാരത്തെ പാടെ പിഴുതെറിയുന്നതാണ് ഈ ലൈംഗിക തൊഴിലാളികൾ എന്നു പറയുന്നവരുടെ തൊഴിൽ. പെൺവാണിഭം ഈ നാട്ടിൽ വർധിക്കുകയാണ്. അവിടെയും സ്ത്രീകൾ ക്രൂരമായി പീഡിപ്പിക്കപ്പെടുന്നു. മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ഇവിടെ അനിവാര്യമാണ്. അതിവിടെ നടപ്പാകുമ്പോഴേ സ്ത്രീപീഡനം അവസാനിക്കൂ' (ജസ്റ്റിസ് ഡി. ശ്രീദേവി, *നൈതിക സംവാദം*, ഡിസംബർ '02).

നമ്മുടെ വിദ്യാഭ്യാസം പൗരന്മാരെ സദാചാര ബോധമുള്ളവരാക്കുന്നില്ല എന്നതിന്റെ തെളിവാണല്ലോ കലാലയങ്ങളിൽ ലൈംഗികബന്ധം പുലർത്താത്ത വിദ്യാർഥികളോ വിദ്യാർഥിനികളോ അപൂർവമാണെന്ന വെളിപ്പെടുത്തലുകൾ. എന്നിട്ടും നമ്മുടെ വിദ്യാഭ്യാസ പരിഷ്കർത്താക്കൾ ചിന്തിക്കുന്നത് സ്കൂൾ തലത്തിൽ ലൈംഗിക വിദ്യ അഭ്യസിപ്പിക്കുന്നതിനെപ്പറ്റിയും ആൺകുട്ടികളെയും പെൺകുട്ടികളെയും ഇടകലർത്തി ഇരുത്തുന്നതിനെപ്പറ്റിയുമാണ്!

## രാഷ്ട്രീയ കൊലപാതകങ്ങളും അതിക്രമങ്ങളും

കണ്ണൂർ ജില്ലയാണ് രാഷ്ട്രീയ കൊലപാതകത്തിലും അക്രമങ്ങളിലും ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത്. ഇവിടെ ഒരുപക്ഷത്ത് സി.പി.എമ്മും മറുപക്ഷത്ത് ബി.ജെ.പിയുമാണ്. രാഷ്ട്രീയ അതിക്രമങ്ങൾ മറ്റു ജില്ലകളിലേക്കും വ്യാപിച്ചിട്ടുണ്ട്. മധ്യകേരളത്തിൽ സി.പി.എമ്മും വിമത സി.പി.എമ്മും തമ്മിലാണ് അടി. വെട്ടും കുത്തും വീടു തകർക്കലുമൊക്കെ ഇരുവിഭാഗവും തുടങ്ങിയിട്ട് നാളേറെയായി. കണ്ണൂരിലേതുപോലെ, അക്രമങ്ങൾ മൂർഛിക്കുമ്പോൾ സമാധാന കമ്മിറ്റികൾ രൂപവൽക്കരിക്കപ്പെടും. കമ്മിറ്റിയോഗം കഴിഞ്ഞ് മണിക്കൂറുകൾക്കകം പൂർവോപരി ശക്തിയിൽ പിന്നെയും ആക്രമണങ്ങൾ തുടരും. ഇരുമ്പുലക്ക വിഴുങ്ങി ചുക്ക് വെള്ളം കുടിക്കുന്നതിനു തുല്യമാണിത്. അക്രമണോത്സുകമായ തത്ത്വശാസ്ത്രങ്ങൾ മനസ്സിൽ പേറുന്നവർക്കെങ്ങനെ അടങ്ങിയിരിക്കാൻ കഴിയും? മാറ്റം മനസ്സുകളിലാണ് നടക്കേണ്ടത്. കൈയൂക്കിന്റെ രാഷ്ട്രീയം പഠിപ്പിക്കുന്നവർക്കെങ്ങനെ അണികളെ മനുഷ്യത്വം പഠിപ്പിക്കാനാവും? കള്ളവോട്ടു ചെയ്യാൻ നിർദേശം നൽകുന്ന നേതാക്കൾക്കെങ്ങനെ ധാർമികതയെപ്പറ്റി പറയാനാവും?

സംസ്ഥാനത്ത് നടക്കുന്നത് അധികവും പരസ്പര ബന്ധിത കുറ്റകൃത്യങ്ങളാണ് (നക്സസ് ക്രൈം). നേതാക്കൾ, ഉദ്യോഗസ്ഥർ, അനുയായികൾ, ദല്ലാളുകൾ, ഗുണ്ടകൾ എന്നിവരുടെ ശൃംഖല കാണാം കുറ്റകൃത്യങ്ങൾക്കു പിന്നിൽ. അഴിമതിയും കൊലപാതകവും തുടങ്ങി സെക്സ് റാക്കറ്റുകൾക്ക് വരെ പരസ്പര ബന്ധിത കണ്ണികളുണ്ട്. തലപ്പത്ത് രാഷ്ട്രീയ നേതാവുണ്ടെങ്കിൽ ശൃംഖലയിലെ മറ്റുകണ്ണികളുടെ നില ഭദ്രമാണ്. ഭരണ-രാഷ്ട്രീയ സ്വാധീനം നീതിന്യായ വ്യവസ്ഥകളെയൊക്കെ നിശബ്ദമാക്കും. എന്നല്ല, അത്യാചാരങ്ങൾക്ക് അവർ കൂട്ടുനിന്നെന്നുമിരിക്കും. കോടികളുടെ അഴിമതിക്കേസുകളിൽ, ഭൂമികൈയേറ്റങ്ങളിൽ, പെൺവാണിഭക്കേസുകളിലൊക്കെ നാമത് കണ്ടതാണ്. ഒരുദാഹരണം: ഒരു രാഷ്ട്രീയ ഭരണാധികാരിയുടെ മകൻ തിരുവനന്തപുരം നഗരത്തിലൂടെ കാറോടിച്ചു പോകുമ്പോൾ എതിരെ വന്ന മറ്റൊരു കാറിൽ ഇടിച്ചു. നഗരത്തിലെ ഒരു കോളേജ് അധ്യാപകനായിരുന്നു മറ്റേ കാറിൽ. അദ്ദേഹം ഭാഗികമായി തകർന്ന തന്റെ കാർ വഴിയോരത്ത് നിർത്തി. പക്ഷേ, ഇടിച്ച കാർ നിർത്താതെ ഓടിച്ചു പോയി. അധ്യാപകൻ ആ കാറിന്റെ നമ്പർ കുറിച്ചെടുത്ത് തമ്പാനൂർ പോലീസ് സ്റ്റേഷനിൽ പരാതി എഴുതിക്കൊടുത്തു. രണ്ടു ദിവസം കഴിഞ്ഞ് ഒരു പോലീസ് ഇൻസ്പെക്ടർ പരാതിക്കാരനെ തേടിയെത്തി പറഞ്ഞു: 'കേസ് പിൻവലിക്കണം. ഇല്ലെങ്കിൽ ഗുരുതരമായ ഭവിഷ്യത്തുകൾ നേരിടേണ്ടിവരും. പ്രതി .......ന്റെ മകനാണ്.' ഇമ്മട്ടിലാണ് രാഷട്രീയക്കാർക്കും മക്കൾക്കുമൊക്കെയുള്ള സ്വാധീനം, നാനാതുറകളിലും.

## മതനേതൃത്വത്തിന്റെ പങ്ക്

മതനേതൃത്വവും പുരോഹിതന്മാരും തങ്ങളുടെ അനുയായികളെ ശക്തിപ്രകടനത്തിനും സാമുദായിക വിലപേശലിനുമുള്ള അസംസ്കൃത വസ്തുക്കളായി കാണുന്നതാണ് കുറ്റകൃത്യങ്ങൾ പെരുകാൻ മറ്റൊരുകാരണം. വാസ്തവത്തിൽ, ദൈവ വിശ്വാസവും മതബോധവും മനുഷ്യരെ തെറ്റുകുറ്റങ്ങളിൽനിന്നകറ്റുകയും സദാചാര നിഷ്ഠരാക്കുകയും ചെയ്യേണ്ടതാണ്. ജനത്തെ ഇതേപറ്റി ഉദ്ബുദ്ധരാക്കുകയും സന്മാർഗചാരികളാക്കിത്തീർക്കുകയും ചെയ്യുകയെന്നതാണ് മതമേധാവികളുടെ പ്രഥമ കർത്തവ്യം. പകരം നാമിപ്പോൾ കാണുന്നത്, സാധാരണ ജനങ്ങളെ മതനേതൃത്വം ആത്മീയമായി ചൂഷണം ചെയ്യുന്നതാണ്. ധ്യാനകേന്ദ്രങ്ങളും ത്വരീഖത്തുകളും ആത്മീയ കച്ചവടത്തിന്റെ കേന്ദ്രങ്ങളാണ്.

കേരളം കുറ്റകൃത്യങ്ങളിൽ മുന്നിലാണെന്ന വസ്തുതതയോട് ചേർത്തു വായിക്കേണ്ട കാര്യമാണ് കുറ്റവാളികൾ നല്ലൊരു ശതമാനവും മതവിശ്വാസികളാണെന്നത്. മതം ആചാരങ്ങളിലും ചടങ്ങുകളിലും ഒതുക്കുകയും സാന്മാർഗിക നിർദേശങ്ങളെ അവഗണിക്കുകുയം ചെയ്യുമ്പോഴാണിത് സംഭവിക്കുന്നത്. അനുയായികളെ ധാർമികമായും സദാചാരപരമായും വളർത്തിയെടുക്കാൻ മതനേതൃത്വങ്ങൾക്ക് കഴിഞ്ഞാൽ കുറ്റകൃത്യങ്ങൾ ഗണ്യമായി കുറയുമെന്നതിൽ സംശയമില്ല. എന്നല്ല, മനുഷ്യരെ ദുർമാർഗത്തിൽനിന്നും അധാർമികതയിൽനിന്നും കരകയറ്റാൻ മതാധ്യാപനങ്ങൾക്കേ കഴിയൂ. ശിക്ഷണ ശീലങ്ങളിലൂടെ അനുയായികളെ സംസ്കരിച്ചെടുക്കാൻ മതവിഭാഗങ്ങൾക്ക് തീർച്ചയായും കഴിയും. മഹല്ല്, ഇടവക തുടങ്ങിയ സംവിധാനങ്ങളിലൂടെ ഇതു സാധിച്ചെടുക്കാവുന്നതാണ്.

## മൗലിക കാരണങ്ങൾ

സമൂഹത്തിൽ കുറ്റകൃത്യങ്ങളില്ലാതാകണമെങ്കിൽ വ്യക്തികൾ സംസ്കരിക്കപ്പെടണം. സാഹചര്യങ്ങളും ചുറ്റുപാടുകളും തിന്മയിലേക്കു പ്രേരിപ്പിക്കാതിരിക്കണം. കുറ്റകൃത്യങ്ങൾക്ക് തക്ക ശിക്ഷ നടപ്പാക്കുകയും വേണം. ഇവ മൂന്നും നമ്മുടെ സമൂഹത്തിൽ തൃപ്തികരമല്ല. വിദ്യാഭ്യാസമാണ് മനുഷ്യനെ സംസ്കാര സമ്പന്നനാക്കുന്ന മൗലിക ഘടകം. പക്ഷേ, നമ്മുടെ വിദ്യാഭ്യാസ പദ്ധതിയിൽ ധാർമിക മൂല്യങ്ങൾക്ക് സ്ഥാനമില്ല. ഉദ്യോഗത്തിന് പ്രാപ്തമാക്കുന്ന കേവല ഭൗതിക വിഷയങ്ങൾക്കേ സ്ഥാനമുള്ളൂ. അതുകൊണ്ടു തന്നെ നമ്മുടെ വിദ്യാസമ്പന്നർ ഉത്തമ പൗരന്മാരായിത്തീരുന്നില്ല.

ചുറ്റുപാടുകളും സാഹചര്യങ്ങളും സമൂഹത്തെ തിന്മയിലേക്ക് തള്ളി വിട്ടുകൊണ്ടിരിക്കുകയാണ്. സുഗതകുമാരിയുടെ അഭിപ്രായം പ്രസക്തമാണ്: 'സ്ത്രീധനത്തിന്റെ പേരിൽ മലയാളി നവവധുവിനെ മണ്ണെണ്ണ ഒഴിച്ച് കത്തിക്കുന്ന ധാരാളം കേസുകൾ വനിതാ കമീഷന്റെ മുന്നിൽ വന്നുകൊണ്ടിരിക്കുകയാണ്. വധുവിനെ മണ്ണെണ്ണ ഒഴിച്ച് കത്തിക്കുന്നതിനു

ള്ള പ്രേരണ എങ്ങനെ മലയാളിക്ക് ലഭിച്ചു? ഒരു പക്ഷേ, സിനിമയാകാം; ടെലിവിഷനാകാം; പത്രങ്ങളാകാം.' കൊള്ളയും കൊലയും പിടിച്ചുപറിയുമൊക്കെ സിനിമകളിൽനിന്നും സീരിയലുകളിൽനിന്നുമല്ലേ ക്രിമിനലുകൾ അനുകരിക്കുന്നത്? കൊലപാതകങ്ങളുടെയും ലൈംഗിക പീഡനങ്ങളുടെയും ആത്മഹത്യകളുടെയും വാർത്തകൾ പൈങ്കിളിവൽക്കരിച്ചും സെൻസേഷനലായും അവതരിപ്പിക്കുകയാണ് നമ്മുടെ പത്രങ്ങൾ. ചില്ലിക്കാശിനുവേണ്ടി എന്തൊക്കെ ആഭാസകരമായ പരസ്യങ്ങളാണവ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നത്. വായനക്കാരിൽ ഇതൊക്കെ ചെലുത്തുന്ന പ്രേരണ എന്തായിരിക്കുമെന്ന വല്ല വേവലാതിയും ഇവർക്കുണ്ടോ?

രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ ആറു ശതമാനമേ ശിക്ഷിക്കപ്പെടുന്നുള്ളൂവെന്നാണ് നിയമജ്ഞർ പറയുന്നത്. ശിക്ഷാവിധി ഉണ്ടാകുന്നതാകട്ടെ വർഷങ്ങൾക്കു ശേഷവും. ഈ കാലവിളംബം കുറ്റവാളികൾക്കോ സമൂഹത്തിനോ ശിക്ഷ പാഠമാകാൻ സഹായിക്കുന്നില്ല. മാത്രമല്ല, നമ്മുടെ ക്രിമിനൽ നിയമം 1860-ൽ 'ബ്രിട്ടീഷ് ഇന്ത്യയിൽ' എഴുതിയതാണ്. ഇന്ന് കുറ്റകൃത്യങ്ങളുടെ മേഖല അതിവിപുലമാണ്. ക്രൈമിന്റെ സ്വഭാവങ്ങൾക്കും മാറ്റം വന്നിട്ടുണ്ട്. അതിനാൽ കുറ്റവാളികൾക്ക് തക്കശിക്ഷ ലഭിക്കുന്നില്ല. അനുദിനം പെരുകുന്ന ക്രിമിനലുകളെ കണ്ടെത്താൻ നമ്മുടെ അന്വേഷണ ഏജൻസികൾക്ക് കഴിയുന്നില്ല. ഗൂഢവും വ്യാപകവുമായ കുറ്റകൃത്യങ്ങൾക്ക് മുന്നിൽ ദുർബലവും അപര്യാപ്തവുമാണ് അന്വേഷണ ഏജൻസികൾ.

1980-കളിലും 1990-കളിലും പൗരന്മാർക്ക് ഭൗതിക വിഭവങ്ങൾ സജ്ജമാക്കുന്നതിൽ രാജ്യത്തിനകത്തും പുറത്തും മാതൃകയാവാൻ കഴിഞ്ഞു കേരളത്തിന്. ഈ കേരള മോഡൽ പക്ഷേ, സമൂഹത്തിന്റെ സംസ്കൃതി സംരക്ഷിക്കുന്നതിലോ കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിലോ ഉണ്ടായില്ല. കുറ്റകരമായ അനാസ്ഥയാണിത്. കുറ്റകൃത്യങ്ങളില്ലാതാക്കാൻ ഭരണാധികാരികൾക്കോ സർക്കാറിനോ മാത്രം കഴിഞ്ഞെന്നു വരില്ല. പക്ഷേ, മാറിമാറി വരുന്ന സർക്കാറുകൾക്കും ഭരണനേതാക്കൾക്കും കുറ്റകൃത്യങ്ങളുടെ വർധനയിൽനിന്നും കൈകഴുകാനുമാവില്ല. അവർ സമൂഹത്തിലെ ക്രിമിനൽവൽക്കരണത്തിൽ ഉൽക്കണ്ഠാകുലരും അതില്ലാതാക്കാൻ മാർഗം കണ്ടെത്തുന്നവരുമാകണം. ■

tvmuhammedali@yahoo.com